"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 08-05-2021

സർക്കുലർ നം 29

ജയിൽ സ്ഥാപനങ്ങളിൽ കോവിഡ് 19 രോഗവ്യാപനം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൻറെ ഭാഗമായി 7-5-2021 തീയതിയിൽ ജയിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്കായി ഒരു വെബിനാർ സംഘടിപ്പിച്ചിരുന്നു. ജയിൽ വകുപ്പ് മേധാവി അധ്യക്ഷത വഹിക്കുകയും ജയിലിലെ ഉന്നത ഉദ്യോഗസ്ഥരും ജയിൽ സൂപ്രണ്ടുമാരും പങ്കെടുക്കുകയും ചെയ്ത വെബിനാറിൽ സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറും കോവിഡ് പ്രതിരോധ രംഗത്തെ വിദഗ്ധനുമായ ഡോക്ടർ മുഹമ്മദ് ആഷീൽ ജയിലുകളിൽ നടപ്പിലാക്കേണ്ട ചില കാര്യങ്ങളെക്കുറിച്ച് വ്യക്തമാക്കുകയുണ്ടായി. ആയതിനാൽ എല്ലാ ജയിൽ ഉദ്യോഗസ്ഥരും കോവിഡ് 19 രോഗവ്യാപനം ഫലപ്രദമായി തടയുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി അടിയന്തിരമായി പാലിക്കേണ്ടതാണ്.

1, എല്ലാ ജയിൽ സ്ഥാപന മേധാവികളുടെയും ആഫീസ് ഉൾപ്പടെയുള്ള എല്ലാ മുറികളുടെയും വാതിലുകളും ജനാലകളും തുറന്ന മുറികളിൽ വായു സഞ്ചാരം ഉറപ്പ് വരുത്തേണ്ടതാണ്. എ.സി യുടെ ഉപയോഗം ഒഴിവാക്കേണ്ടതാണ്.

2, CFLTC/ Quarantine ജയിലുകളിൽ ജോലി നോക്കുന്ന എല്ലാ ഉദ്യോഗസ്ഥരും N95 മാസ്ക് തന്നെ ഉപയോഗിക്കേണ്ടതാണ്. മറ്റ് ഉദ്യോഗസ്ഥർ N95 മാസ്കോ പകരം ഡബിൾ മാസ്കോ ( ഒരു സർജിക്കൽ മാസ്ക്+ഒരു തുണി മാസ്ക്) ഉപയോഗിക്കേണ്ടതാണ്. N95 മാസ്കുകൾ ഉപയോഗിക്കുമ്പോൾ ഒരെണ്ണം തുടരെ ഉപയോഗിക്കാതെ നാല് ദിവസത്തെ ഇടവേളകളിൽ മൂന്ന് തവണ ഉപയോഗിക്കുകയും പിന്നീട് നശിപ്പിക്കുകയും ചെയ്യേണ്ടതാണ്.

3, എല്ലാ തടവുകാരും ജയിലുകളിൽ മാസ്ക് ഉപയോഗിക്കേണ്ടതാണ്. തടവുകർക്കു ഉപയോഗിക്കുന്നതിനായി 6 തുണി മാസ്കുകൾ സൂപ്രണ്ടുമാർ നൽകേണ്ടതാണ്. ഒരു തുണി മാസ്ക് പരമാവധി 8 മണിക്കൂർ മാത്രമേ തുടർച്ചയായി ഉപയോഗിക്കുവാൻ പാടുള്ളൂ എന്നതിനാൽ അതിനു ശേഷം അത് കഴുകി ഉപയോഗിക്കുവാൻ തടവുകാർക്കു സൗകര്യം നൽകേണ്ടതാണ്.

4, മാസ്ക് നിർമ്മിച്ചിരുന്ന എല്ലാ ജയിലുകളിലും അവരവരുടെ ജയിലുകൾക്ക് ആവശ്യമായ മാസ്കുകൾ സ്വന്തമായി നിർമ്മിച്ച് ഉപയോഗിക്കേണ്ടതാണ്. മാസ്ക് നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ലാത്ത ജയിലുകൾ മാസ്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഉൽപാദനം ആരംഭിക്കുന്നത് വരെ സെൻട്രൽ ജയിലുകളിൽ നിന്നും മാസ്ക് ലഭ്യമാക്കി അന്തേവാസികൾക്ക് നൽകേണ്ടതുമാണ്

5,വയറിളക്കം, പനി, ശ്വാസം മുട്ടൽ എന്നിവ കോവിഡ് രണ്ടാം തരംഗത്തിൻറെ പ്രധാന ലക്ഷണങ്ങൾ ആയി കാണുന്നതിനാൽ അത്തരം ലക്ഷണങ്ങളുള്ള തടവുകാരെ കോവിഡ് പരിശോധനക്ക് വിധേയമാക്കുകയും മാറ്റിപ്പാർപ്പിക്കുകയും ചെയ്യേണ്ടതാണ്.

6,ജയിൽ ഉദ്യോഗസ്ഥർ ജയിലുകളിലും വീടുകളിലും യാത്ര ചെയ്യേണ്ട സാഹചര്യം

ഉണ്ടാകുന്നതിനാൽ ഇത് സംബന്ധിച്ച കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിക്കേണ്ടതാണ്.

7,ജയിൽ ഉദ്യോഗസ്ഥർ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഒഴിവാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ സാമൂഹിക അകലം പാലിക്കേണ്ടതാണ്.

8,തടവുകാർ ഒരുമിച്ച് ഭക്ഷണം കഴിക്കുന്നതും ഒഴിവാക്കേണ്ടതാണ്. അവരെ വിവിധ ഗ്രൂപ്പുകൾ ആയി തിരിച്ച് സാമൂഹിക അകലം പാലിച്ച് വ്യത്യസ്ത സമയങ്ങളിൽ ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യം ഒരുക്കേണ്ടതാണ്.ഭക്ഷണംകഴിക്കുമ്പോൾ 3 അടി വ്യത്യാസമെങ്കിലും ഉറപ്പ് വരുത്തേണ്ടതാണ്.

9,പത്രം, ഫോൺ പോലുള്ളവ തടവുകാർ ഉപയോഗിക്കുമ്പോൾ ഓരോ തവണയും അണുവിമുക്തം ആക്കിയ ശേഷം മാത്രമേ മറ്റുള്ള തടവുകാർ ഉപയോഗിക്കുവാൻ പാടുള്ളൂ. സാനിറ്റൈസർ ഉപയോഗിച്ച് വൃത്തിയാക്കാൻ പാകത്തിൽ ഫോൺ റിസീവറിൻ്റെ ഇയർ / മൌത്ത് പീസുകളിൽ പ്ലാസ്റ്റിക് പേപ്പർ ഒട്ടിക്കാവുന്നതാണ്.

10,തടവുകാർക്ക് വാക്സിനേഷൻ നല്കുമ്പോൾ 45 വയസ്സിന് മുകളിൽ ഉള്ളവർക്ക് മുൻഗണന നൽകേണ്ടതാണ്. ഏതെങ്കിലും തടവുകാരന് ഒന്നാമത്തെ ഡോസ് വാക്സിനേഷന് ശേഷം കോവിഡ് ബാധിച്ചാൽ രോഗം ഭേദമായി 28 ദിവസത്തിനുശേഷം ബൂസ്റ്റർ ഡോസ് നൽകാവുന്നതാണ്.

11,കോവിഡ് പോസിറ്റീവ് ആയ തടവുകാർക്ക് സമീകൃതാഹാരം നൽകേണ്ടതാണ്.

12.തടവുകാർക്ക് ദിവസം കുറഞ്ഞത് 2 ലിറ്റർ കുടിവെള്ളം നൽകുന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

13.ജയിലുകളിൽ തടവുകാരുടെ പനി നോക്കുന്നതിന് വേണ്ടിയുള്ള തെർമൽ സ്കാനർ, ഓക്സിജൻ ലെവൽ നോക്കുന്നതിനുള്ള പൾസ് ഓക്സോമീറ്റർ എന്നിവ ഓരോ ജയിലിലേയും ആവശ്യാനുസരണം ലഭ്യമാക്കേണ്ടതും ഫലപ്രദമായി ജീവനക്കാർ മുൻകൈയെടുത്ത് ഉപയോഗിക്കേണ്ടതുമാണ്.

14. വാക്സിനേഷൻ രോഗ പ്രതിരോധത്തിനേക്കാളും രോഗത്തിൻ്റെ സങ്കീർണ്ണത കുറക്കാനാണ് എന്ന് തടവുകാർക്കിടയിൽ ശക്തമായ പ്രചാരണം നടത്തേണ്ട
താണ്.

15. കൂട്ടം കൂടുക, അടുത്ത് ഇടപഴകുക, അടച്ചിട്ട സ്ഥലങ്ങൾ ഉപയോഗിക്കുക എന്നിവ നിരുൽസാഹപ്പെടുത്തുകയും സാമൂഹികാകലം, മാസ്കിൻറെ ഉപയോഗം, സാനിറ്റൈസർ ഉപയോഗം പ്രോൽസാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

16.തടവുകാരോട് കോവിഡ് പ്രതിരോധ മാർഗ്ഗത്തെകുറിച്ച് സംസാരിക്കാൻ വിദഗ്ദ്ധരുടെ സേവനം സ്ഥാപന മേധാവികൾ തെടേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS

G5-11545/2021/PrHQ

0456bd

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ സ്ഥാപനമേധാവികൾക്കും

പകർപ്പ് : മേഖലാ ഡി.ഐ.ജി. മാർക്ക്